

# തിരികെ

കവിത

സജ്ന മുഹമ്മദ് അമീൻ

ഏറ്റവും ഉള്ളിലത്തെ
മുറിയിലായിരിക്കണം
ജീവനൊടുക്കേണ്ടതെ
ന്നോർത്തിരുന്നു.
ആത്മാവിനെ
എങ്ങോട്ടും വിടാതെ
ഈ വീടിനുള്ളിൽത്തന്നെ
അടച്ചിട്ടേക്കണേയെന്നു
മകൾക്കൊരു
കത്തുമെഴുതിവെച്ചു.

മുറിയിൽ
അവളുടെ വയലറ്റു
നിറമുള്ള
സ്കൂൾ ബാഗിലെ
ഡോറയുടെ വിസ്മയിച്ച
മുഖമുള്ള ചിത്രം
ജീവിതത്തിലേയ്ക്ക്
തിരികെ നടത്താൻ മാത്രം
ലളിതമായിരുന്നു ...!

# വേനലിൽ

വേനലിൽ മറഞ്ഞ പുഴ
തിരികെ വരാനൊരു
മഴക്കാലം മതിയാവും!

മഞ്ഞിൽ മാഞ്ഞ
നീയിനി ദൃശ്യമാവാൻ
ഞാനുറഞ്ഞുപോവുമൊരു
അതിശൈത്യകാലം
വരേണ്ടിയിരിക്കുന്നു!

പറഞ്ഞു: ആദമേ, ഇവൻ നിനക്കും നിന്റെ പത്നിക്കും ശത്രുവാണ്. നിങ്ങൾ രണ്ടുപേരെയും സ്വർഗത്തിൽ നിന്ന് പുറംതള്ളാൻ അവൻ ഹേതുവായിക്കൂടാ. അങ്ങനെ സംഭവിച്ചാൽ നീ ഹതഭാഗ്യനാവും). അല്ലാഹു പൊറുക്കും, കരുണ കാണിക്കും (പിന്നെ അല്ലാഹു അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും പശ്ചാത്താപം സ്വീകരിക്കുകയും സന്മാർഗം കാണിച്ചു കൊടുക്കുകയും ചെയ്തു).

ഇവയാണ് 'വൃക്ഷനിയമ'ത്തിലെ ശിക്ഷണ പാഠങ്ങൾ. നമ്മുടെ സംസ്കാരത്തിനും മക്കളുടെ ശിക്ഷണത്തിനും ആധാരമാക്കേണ്ട അടിസ്ഥാന നിയമങ്ങൾ. കാര്യങ്ങൾ വ്യക്തമായും വിശദമായും ബോധ്യപ്പെടുത്തിക്കൊടുക്കാതെ മക്കളെ ശിക്ഷിക്കാൻ ഒരുങ്ങരുത്. അവരുടെ അഭിപ്രായം തുറന്നു പറയാൻ അവസരം നൽകണം. അവരുടെ വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കണം. ശകാരത്തിന്റെയോ അടിയുടെയോ അകമ്പടിയില്ലാതെ അവരുടെ ക്ഷമാപണം തുറന്ന മനസ്സോടെ സ്വീകരിക്കണം. ശിക്ഷാ നടപടിയുടെ ഉദ്ദേശ്യം വ്യക്തമാക്കിയും തെറ്റിൽ തന്നെ തുടർന്നാലുണ്ടാവുന്ന ഭവിഷ്യത്തുകൾ ചൂണ്ടിക്കാണിച്ചും വേണം അത്തരം നീക്കങ്ങൾ. ബന്ധങ്ങളുടെ കണ്ണിയറ്റ് പോകാതെയും അവരുടെ ക്ഷമാപണം സ്വീകരിച്ചുമായിരിക്കണം എല്ലാ ശിക്ഷാ നടപടികളുമെന്ന് പ്രത്യേകം ഓർക്കുക. ഇപ്പോൾ പ്രസക്തമായ ഒരു ചോദ്യം: "എന്തുകൊണ്ട് ആദമിന്റെയും പത്നിയുടെയും ക്ഷമാപണം സ്വീകരിച്ച് അവരെ സ്വർഗത്തിൽ തന്നെ തുടർന്ന് ജീവിക്കാൻ അല്ലാഹു അനുവദിച്ചില്ല?" ഉത്തരം: കാരണം അവർ രണ്ടുപേരെയും ഭൂമിയിൽ ഖിലാഫത്തിന്റെ ദൗത്യവുമായാണ് അല്ലാഹു നിയോഗിച്ചതും അതിനു വേണ്ടിയാണ് സൃഷ്ടിച്ചതും. വിലക്കപ്പെട്ട വൃക്ഷം ചൂണ്ടിക്കാട്ടി അവരുടെ ഭാവി ജീവിതത്തിനുതകുന്ന ശിക്ഷണ പാഠങ്ങൾ പ്രയോഗതലത്തിൽ നൽകുകയായിരുന്നു അല്ലാഹു. സ്വന്തത്തോടും അല്ലാഹുവിനോടും പിശാചിനോടും എങ്ങനെ വർത്തിക്കണം എന്ന മഹത്തായ പാഠം. ആദമിന്റെ സന്തതി പരമ്പരകൾ ലോകാന്ത്യം വരെ ഓർമയിൽ വെക്കേണ്ട ശിക്ഷണ പാഠം. ■

**വിവ: പി.കെ ജമാൽ**

കവിത

# മഞ്ഞയുടുപ്പിട്ട കുറെ മുക്കുറ്റിപ്പൂക്കൾ

**ജമാൽ മൂക്കുതല**



**അ**കത്തുള്ളവരെ ആരെയും
അറിയിക്കാതെ
ഒരു മഴക്കാലം മുഴുവൻ
ഒറ്റയ്ക്ക് നനയുന്നുണ്ട് വീട്.

അതിന്റെ ഇടവഴിയോരത്തെ
കരിങ്കൽ മതിലുകളിലെ
പച്ചപായലിൽ മഴ നനഞ്ഞു
കുതിരുന്നുണ്ട് ഒരുറുമ്പിൻ കൂട്.

അതിലൂടെ അതിശീഘ്രം കടന്നു പോകും
അനേകം കാലുകളെ
ഭയന്ന് ഓരം ചേർന്നു നിൽപ്പുണ്ട്
മഞ്ഞയുടുപ്പിട്ട കുറെ മുക്കുറ്റിപ്പൂക്കൾ.

ഇതൊന്നുമല്ല ഞാൻ ഓർത്തത്
എവിടെയെല്ലാം മഴയോടൊപ്പം
ഒഴുകി പോയിട്ടുണ്ടാകും...
അനേകം കൂടുകളും വീടുകളും.
മഞ്ഞയുടുപ്പിട്ട കുറെ മുക്കുറ്റിപ്പൂക്കളും...! ●